2024
MARCH
25
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ചന്ദ്രനിലെ 'ശിവശക്തി' പോയിൻററിന് അന്താരാഷ്ട്ര അംഗീകാരം

**ന്യൂഡൽഹി:** ചന്ദ്രയാൻ 3 ചന്ദ്രോപരിതലത്തിൽ ഇറങ്ങിയ സ്ഥാനത്തിന് ഇന്ത്യ നൽകിയ ശിവശക്തി പോയിൻറ് എന്ന പേരിന് അന്താരാഷ്ട്ര അംഗീകാരം. അന്താരാഷ്ട്ര ജ്യോതിശാസ്ത സംഘടന (ഐഎയു) പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച പേര് അംഗീകരിച്ചു. ഓഗസ്റ്റ് 23നാണ് ചന്ദ്രയാൻ 3 ചന്ദ്രൻറെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയത്. 26ന് മോദി പേര് പ്രഖ്യാപിച്ചു.

ഗ്രഹവ്യവസ്ഥയുടെ നാമകരണത്തിനുള്ള ഐഎയുവിൻറെ വർക്കിങ് ഗ്രൂപ്പ് ശിവശക്തി പോയിൻറ് എന്ന പേര് അംഗീകരിച്ചതായി സംഘടന ഔദ്യോഗികമായി അറിയിച്ചു. ഇനി ശാസ്ത്ര സംബന്ധമായ ഏതു വേദിയിലും പ്രസിദ്ധീകരണങ്ങളിലും ഈ പേര് ഉപയോഗിക്കാം.

ഭാരതീയ ദർശനപ്രകാരം ശിവൻ പുരുഷനും ശക്തി അതിനു കരുത്തുനൽകുന്ന സ്ത്രീയുമാണ്. പ്രകൃതിയുടെ പരസ്പര പൂരകരൂപങ്ങളാണിവയെന്ന് ഐഎയു പറഞ്ഞു.

### മോസ്കോ ഭീകരാക്രമണത്തിൽ യുക്രൈന് പങ്കെന്ന് പുടിൻ

# പുടിനെ തള്ളി അമേരിക്ക

### 'ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് ഭീകരർക്ക് മാത്രം'

**മോസ്കോ:** തങ്ങൾക്ക് പങ്കില്ലാത്ത ഒരു കാര്യത്തിൽ തങ്ങൾക്ക് മേൽ കുറ്റം കെട്ടിവയ്ക്കാൻ റഷ്യ മനപൂർവം ശ്രമിക്കുന്നതായി യുക്രൈൻ പ്രസിഡന്റ് വൽദിമിർ സെലൻസ്കിയും പ്രതികരിച്ചു. റഷ്യയുടെ ആരോപണം ശുദ്ധ അസംബന്ധമെന്നായിരുന്നു യുക്രൈൻ ഭരണകൂടത്തിന്റെ ഔദ്യോഗിക പ്രതികരണം.

ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തിരുന്നു. സംഗീത പരിപാടി നടക്കുന്ന ഹാളിലേക്ക് പ്രവേശിച്ച ആയുധ ധാരികളായ സംഘം വെടിയുതിർക്കുകയായിരുന്നു.ഗ്രനേഡുകളും ബോംബുകളും ഉപയോഗിച്ച് സ്ഫോടനവും നടത്തിയിരുന്നു. ഇതോടെ ഹാളിന് തീപിടിച്ചു.



തീപടർന്ന് ഹാളിന്റെ മേൽക്കൂര ഇടിഞ്ഞുവീണു. വെടിവയ്പ്പിനെത്തുടർന്നു പുറത്തേക്ക് ഓടിരക്ഷപ്പെടാനുള്ള തിക്കിലും തിരക്കിലും പെട്ടാണു ചിലർ മരിച്ചത്. സൈനികരുടേതുപോലുള്ള വസ്ത്രം ധരിച്ചാണ് അക്രമികൾ എത്തിയിരുന്നത്.എന്നാൽ ഇതുവരെ എല്ലാ വിവരങ്ങളും ശേഖരിച്ച് കഴിഞ്ഞില്ലെങ്കിൽ യുക്രൈനിന് പങ്കില്ലെന്ന് തീർത്തു പറയാൻ വൈറ്റ് ഹൗസിന് എങ്ങനെ സാധിക്കുന്നുവെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം തിരിച്ചടിച്ചു. തീവ്രവാദി ആക്രമണത്തിലെ യുക്രൈന്റെ പങ്ക് മറച്ചുവയ്ക്കാൻ അമേരിക്ക ശ്രമിക്കുന്നുവെന്നും റഷ്യ കുറ്റപ്പെടുത്തി.

മോസ്കോയിൽ വെടിവയ്പ്പ് നടത്തിയ നാല് തോക്കുധാരികളുൾപ്പെടെ 11 പേരെ റഷ്യ പിടികൂടിയിട്ടുണ്ട്. ഇവർക്ക് കഠിനമായ ശിക്ഷ നൽകുമെന്ന് വൽദിമിർ പുടിൻ പ്രഖ്യാപിച്ചു.

പ്രതികൾ യുക്രൈനിലേക്ക് കടക്കാൻ ശ്രമിച്ചെന്നും ഇവർ യുക്രൈൻ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്നും പുടിൻ പറഞ്ഞിരുന്നു.

എന്നാൽ അക്രമികൾക്ക് യുക്രൈനുമായി ഏതെങ്കിലും ബന്ധം കണ്ടെത്താനായിട്ടില്ലെന്ന് യു എസ് ദേശീയ സുരക്ഷാ കൗൺസിൽ വക്താവ് ജോൺ കിർബി വാർത്താ സമ്മേളത്തിൽ അറിയിച്ചു.

# വിപണികൾക്ക് ചാഞ്ചാട്ടം

**ന്യൂഡൽഹി:** യുഎസ് ഫെഡ് റിസർവ് ഡോളറിന് കരുത്തുപകരാൻ നടത്തിയ നീക്കങ്ങൾ ഏഷ്യൻ ഓഹരി വിപണികളിൽ ചാഞ്ചാട്ടവും യൂറോപ്യൻ മാർക്കറ്റുകൾക്ക് കരുത്തും സമ്മാനിച്ചു. അതേസമയം വാരാന്ത്യം അമെരിക്കയിൽ നാസ്ഡാക്കിന് മാത്രം മികവ് നിലനിർത്താനായുള്ളൂ. ഡൗജോൺസ്, എസ് ആൻഡ് പി ഇൻഡക്സുകൾ തളർച്ചയിലാണ്. ഇന്ത്യയിലേക്ക് തിരിഞ്ഞാൽ ബോംബെ സെൻസെക്സ് 188 പോയിൻറും നിഫ്റ്റി സൂചിക 73 പോയിൻറും പ്രതിവാര നേട്ടം കൈവരിച്ചു. ഈ വാരം നിഫ്റ്റി മാർച്ച് ഫ്യൂച്ചർ സെറ്റിൽമെൻറാണ്. അതേസമയം ഹോളി പ്രമാണിച്ചും ദു:ഖ വെള്ളിയും മൂലം രണ്ട് ദിവസങ്ങൾ വിപണി അവധിയായതിനാൽ ഇടപാടുകൾ മൂന്ന് ദിവസങ്ങളിൽ ഒതുങ്ങും. വ്യാഴാഴ്ചയാണ് മാർച്ച് സീരിസ് സെറ്റിൽമെൻറ്. സൂചികയിൽ ശക്തമായ ചാഞ്ചാട്ട സാധ്യതകൾ നിലനിൽക്കാം.

വിപണിയിലെ ഓപ്പൺ ഇൻററസ്റ്റ് തൊട്ട് മുൻവാരവുമായി കാര്യമായി മാറ്റമില്ലെന്നത് ഒരു വിഭാഗം ഓപ്പറേറ്റർമാരെ ഏപ്രിൽ സീരീസിലേക്ക് റോൾ ഓവറിന് പ്രേരിപ്പിക്കാം. മാർച്ച് നിഫ്റ്റി വാരാന്ത്യം 22,155ലും ഏപ്രിൽ 22,335ലുമാണ്. നിഫ്റ്റി സൂചിക 22,120 പോയിൻറിൽ നിന്നും വാരമധ്യം 21,710ലേക്ക് ഇടിഞ്ഞ ശേഷമുള്ള തിരിച്ചുവരവിൽ 22,180ലേക്ക് ഉയർന്നെങ്കിലും മാർക്കറ്റ് ക്ലോസിങ്ങിൽ നിഫ്റ്റി 22,096 പോയിൻറിലാണ്. മുൻനിര ഇൻഡിക്കേറ്ററുകൾ പലതും ഓവർ സോൾഡായത് ബുൾ ഓപ്പറേറ്റർമാരെ പുതിയ ബാധ്യതകൾക്ക് പ്രേരിപ്പിക്കാം.

ബോംബെ സൂചിക 72,643 പോയിൻറിൽ നിന്നും ഒരവസരത്തിൽ 71,696ലേക്ക് സാങ്കേതിക തിരുത്തൽ കാഴ്ച്ചവച്ചെങ്കിലും പിന്നീട് സൂചിക 73,345ലേക്ക് തിരിച്ചുവരവ് നടത്തി. മാർക്കറ്റ് ക്ലോസിങ്ങിൽ സെൻസെക്സ് 72,831 പോയിൻറിലാണ്. ഈ വാരം വിപണി മുന്നേറ്റത്തിന് ശ്രമിച്ചാൽ 73,400ലും 73,970 പോയിൻറിലും വിപണിക്ക് പ്രതിരോധം നിലനിൽക്കുന്നു. വിൽപ്പന സമ്മർദം അനുഭവപ്പെട്ടാൽ 71,980 71,130 റേഞ്ചിൽ താങ്ങുണ്ട്.

മുൻനിര ഓഹരിയായ മാരുതി സുസുക്കിയുടെ നിരക്ക് ഏഴ് ശതമാനം ഉയർന്നു, ടാറ്റ സ്റ്റീലും ഏഴ് ശതമാനം മികവ് കാണിച്ചു. എം ആൻഡ് എം, സൺ ഫാർമ, ആർഐഎൽ, എൽ ആൻഡ് ടി, എസ്ബിഐ, ഐസിഐസിഐ ബാങ്ക്, ഐടിസി ഓഹരി വിലകൾ ഉയർന്നപ്പോൾ എച്ച്ഡിഎഫ്സി ബാങ്ക്, എച്ച്യുഎൽ, ഇൻഫോസിസ്, ടിസിഎസ്, വിപ്രോ, എച്ച്സിഎൽ ടെക്, ടെക് മഹീന്ദ്ര തുടങ്ങിയവയ്ക്ക് തിരിച്ചടി നേരിട്ടു.

ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങൾ പിന്നിട്ടവാരം 19,351 കോടി രൂപയുടെ നിക്ഷേപം ഓഹരിയിൽ നടത്തി. ഇതോടെ മാർച്ചിലെ അവരുടെ മൊത്തം നിക്ഷേപം 47,398 കോടി രൂപയായി ഉയർന്നു, 2022 മേയ് മാസത്തിനു ശേഷം ഇത്ര ഉയർന്ന നിക്ഷേപത്തിന് ആഭ്യന്തര ഫണ്ടുകൾ തയ്യാറാവുന്നത് ആദ്യമായാണ്. വിദേശഫണ്ടുകൾ പോയവാരം 9787 കോടി രൂപയുടെ ഓഹരികൾ വിറ്റു. യുഎസ് ഡോളറിന് മുന്നിൽ രൂപയ്ക്ക് മൂല്യത്തകർച്ച. വാരത്തിൻറെ ആദ്യപകുതിയിൽ 82.89 റേഞ്ചിൽ നീങ്ങിയ രൂപയ്ക്ക് വാരാന്ത്യദിനം തിരിച്ചടി നേരിട്ടു. വെള്ളിയാഴ്ച ഇടപാടുകളുടെ അവസാന മണികൂറുകൾ വരെ മുൻവാരം ഇതേ കോളത്തിൽ സൂചിപ്പിച്ച 83.09ലെ പ്രതിരോധം നിലനിർത്തിയെങ്കിലും വ്യാപാരാന്ത്യം 83.42ലാണ്.



# അമിതമായി ഉപയോഗിച്ചാൽ ഭൂഗർഭജലം ഇല്ലാതാകും: ഡോ. സുഭാഷ് ചന്ദ്രബോസ്



**കൊച്ചി:** ഭൂഗർഭജലം സുസ്ഥിരമാണെന്ന ധാരണ തെറ്റാണെന്നും അമിതമായി ഉപയോഗിച്ചാൽ അത് തീർത്തും ഇല്ലാതാകുമെന്നും ഒരു പ്രദേശത്തെ ഭൂഗർഭജലം സ്വാഭാവികമായി പഴയ നിലയിലെത്തണമെങ്കിൽ 2000 വർഷം വരെ എടുക്കുമെന്നുമാണ് പുതിയ ഗവേഷണങ്ങൾ തെളിയിക്കുന്നതെന്നും പരിസ്ഥിതി ശാസ്ത്രജ്ഞനും ജലസ്രോതസ് മാനേജ്മെന്റ് വിദഗ്ധനും സംസ്ഥാ വാട്ടർ റിസോഴ്സസ് വകുപ്പ് മുൻ ഡയറക്ടറും സംസ്ഥാന മഴവെള്ള സംഭരണ പദ്ധതിയുടെ സ്റ്റേറ്റ് മാനേജരുമായിരുന്ന ഡോ. വി സുഭാഷ് ചന്ദ്രബോസ്. ആഗോള പരിസ്ഥിതി, ജല, പാർപ്പിടദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്ക്വയർ ഫീറ്റ് (ബിഎസ്എഫ്) പ്രഭാഷണപരമ്പരയിലെ 27മത് പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വെള്ളം അഭിവൃദ്ധിക്കും സമാധാനത്തിനും എന്ന ഈ വർഷത്തെ ജലദിന ഇതിവൃത്തം തന്നെ ജലത്തിനു വേണ്ടിയുള്ള യുദ്ധസാധ്യതകളിലേയ്ക്ക് വിരൽചൂണ്ടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കണ്ണീർ മുതൽ കടൽ വരെ ഇഷ്ടമുള്ള രൂപമെടുക്കാൻ പോന്ന ജീവന്റെ അടിസ്ഥാനമാണ് വെള്ളം. സംസ്കാരങ്ങൾ നദീതീരങ്ങളിൽ ജനിച്ചു. അതേ നദികൾ തന്നെ പ്രളയത്തിലൂടെയും വരൾച്ചയിലൂടെയും സംസ്കാരങ്ങളെ ഇല്ലാതാക്കിയതും നമ്മൾ മറന്നുകൂടാ. കേരളത്തിന്റെ ചെരിഞ്ഞ കിടപ്പ്, സമുദ്രസാമീപ്യം, മണ്ണിന്റെ കനക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ഇവിടെ പെയ്യുന്ന മഴവെള്ളം 48 മുതൽ 72 മണിക്കൂറിൽ കടലിലെത്തുകയാണെന്നും ഈ പശ്ചാത്തലത്തിൽ മഴവെള്ള സംഭരണത്തിന് കേരളത്തിൽ ജീവന്മരണ പ്രാധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒരു കിലോ അരിയുണ്ടാക്കാൻ 3000 ലിറ്ററും ഒരു കിലോ ബീഫുണ്ടാക്കാൻ 15,000 ലിറ്ററും വെള്ളം വേണം. വിർച്ചൽ വാട്ടർ എന്നറിയപ്പെടുന്ന ഈ കണക്കുകൾ എടുക്കുമ്പോൾ ധാരാളമായി വെള്ളം കിട്ടുന്ന പ്രദേശത്തു മാത്രമേ കൃഷി സാധ്യമാകൂ എന്ന അവസ്ഥ വരുമെന്നും 2008ലെ സംസ്ഥാന ജലനയരൂപികരണത്തിന്റെ സംസ്ഥാനതല കൺവീനർ കൂടിയായിരുന്ന ഡോ സുഭാഷ് ചന്ദ്രബോസ് പറഞ്ഞു.

കേരളത്തിലെ 44 നദികളും ആസന്നമരണശയ്യയിലാണെന്ന് വിശിഷ്ടാതിഥിയായി പങ്കെടുത്ത ആർക്കിടെക്റ്റ് പത്മശ്രീ ജി ശങ്കർ പറഞ്ഞു. കേരളവും ഭീകരമായ വരൾച്ചയുടെ വക്കിലാണ്. രാജ്യത്ത് ഒരു ദിവസം 5 ബില്യൺ ലിറ്റർ ജലമാണ് ശുചിമുറികളിൽ ഉപയോഗിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അസറ്റ് ഹോംസിന്റെ 76 പദ്ധതികളിൽ 43ലും 40% ജലം റീസൈക്ക്ൾ ചെയ്യുന്നുണ്ടെന്ന് അസറ്റ് ഹോംസ് സ്ഥാപകനും എംഡിയുമായ വി സുനിൽ കുമാർ പറഞ്ഞു. ശുചിമുറികൾ, സ്വിമ്മിംഗ് പൂൾ, കാർ വാഷ് തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളം മുഴുവൻ റീസൈക്ക്ൾ ചെയ്ത് ഉപയോഗിക്കുന്നു. കയ്യിലെടുക്കാവുന്ന വിധം ശുദ്ധിയാക്കിയാണ് പുനരുപയോഗമെന്നും ഇങ്ങനെ 40% വെള്ളം പുനരുപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ക്രെഡായ് കേരള കൺവീനർ ജനറൽ എസ് എൻ രഘുചന്ദ്രൻ നായർ പ്രസംഗിച്ചു.

ക്രിസ്തുമസ്പുതുവത്സര സീസൺ പ്രമാണിച്ച് അപ്പാർട്ടുമെന്റുകളുടേയും വില്ലകളുടേയും പൊതുപൂമുഖത്തിൽ നടത്തുന്ന അലങ്കാരങ്ങൾക്കായി പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് മത്സരം സംഘടിപ്പിച്ച ഫെയറി ലൈറ്റ്സ് എന്ന പേരിലുള്ള ഫോയർ ഡെക്കോർ മത്സരം രണ്ടാം പതിപ്പിലെ വിജയികൾക്ക് ചടങ്ങിൽ 2.5 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. സംസ്ഥാനത്തുടനീളമുള്ള 100ലേറെ അപ്പാർട്ടുമെന്റുകളുടേയും വില്ലാ പദ്ധതികളുടേയും ഓണേഴ്സ് അസോസിയേഷനുകൾക്ക് പങ്കെടുത്ത ഇത്തവണത്തെ മത്സരത്തിൽ കോഴിക്കോടുള്ള ഹൈലൈറ്റ് മെട്രോമാക്സ് ഒരു ലക്ഷം രൂപയുടെ ഒന്നാം സമ്മാനം നേടി. കൊച്ചിയിലെ അസറ്റ് ആൽപൈൻ ഓക്സ് 50,000 രൂപയുടെ രണ്ടാം സമ്മാനവും തൃശൂരിലെ സ്കൈലൈൻ സെനിത്ത് 25,000 രൂപയുടെ മൂന്നാം സമ്മാനവും നേടി. 5000 രൂപയുടെ പ്രോത്സാഹന സമ്മാനങ്ങൾ നേടിയവർ അസറ്റ് പികാസോ പാലെറ്റ് കോട്ടയം, വീഗാലാൻഡ് കിംഗ്സ് ഫോർട്ട് കൊച്ചി, ചേലൂർ ടവേഴ്സ് തൃശൂർ, അസറ്റ് രംഗോലി കൊച്ചി, അസറ്റ് പ്രെഷ്യസ് തൃശൂർ, കോൺഫിഡന്റ് എലൈറ്റ് തൃശൂർ, കെന്റ് ഇല്ലം കൊച്ചി, പ്രസ്റ്റീജ് നെപ്ട്യൂൺസ് കോർട്ട് യാർഡ് കൊച്ചി, പൂർവ ഗ്രാൻഡ്ബേ കൊച്ചി, നന്മ ഫെനിക്സ് കൊച്ചി




**ചാർട്ടേർഡ് അക്കൗണ്ടന്റ്സ് വിദ്യാർഥികൾക്കായി ബാങ്ക് ഓഡിറ്റ് എന്ന വിഷയത്തിൽ നടത്തിയ ഏകദിന സെമിനാർ ബാങ്ക് ഓഫ് ബറോഡ എറണാകുളം മേഖലാ ജനറൽ മാനേജരും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ജോബി ജോർജ്ജ്, ശ്യാം വി മഹാദേവൻ, ആഷിൽ എം എ, സലിം എ, രൂപേഷ് രാജഗോപാൽ, വിവേക് കൃഷ്ണ ഗോവിന്ദ്, ബെറ്റ്സി വർഗ്ഗീസ് ബാബു, ജോസ് കെ വി, ആനന്ദ് എ എസ് എന്നിവർ സമീപം**

## സി എ വിദ്യാർഥികൾക്ക് ബാങ്ക് ഓഡിറ്റ് സെമിനാർ നടത്തി

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് സ്റ്റുഡന്റ്സ് അസോസിയേഷൻ നേതൃത്വത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് വിദ്യാർഥികൾക്കായി ബാങ്ക് ഓഡിറ്റ് എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി. ബാങ്ക് ഓഫ് ബറോഡ എറണാകുളം മേഖലാ ജനറൽ മാനേജരും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു.

ഐ സി എ ഐ എറണാകുളം ബ്രാഞ്ച് സ്റ്റുഡന്റ്സ് അസോസിയേഷൻ ചെയർമാൻ രൂപേഷ് രാജഗോപാൽ, അധ്യക്ഷത വഹിച്ചു. ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ സലിം എ, മുൻ ചെയർമാൻ വിവേക് കൃഷ്ണഗോവിന്ദ്, ആഷിൽ എം എ, ബെറ്റ്സി വർഗ്ഗീസ് ബാബു എന്നിവർ പ്രസംഗിച്ചു.

## അനധികൃത പണമിടപാട് കർശനമായി നിരീക്ഷിക്കാൻ നിർദേശം

**തിരുവനന്തപുരം:** ലോക്സഭ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അനധികൃത പണമിടപാട് കർശനമായി നിരീക്ഷിക്കാനും നടപടികൾ സ്വീകരിക്കാനും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ ജില്ലാ വരണാധികാരികൾക്ക് നിർദേശം നൽകി. എറണാകുളം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി എറണാകുളം ഐ.എം.എ ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ബാങ്കുകളിലെയും സംശയകരമായ ഇടപാടുകൾ ഉൾപ്പെടെ നിരീക്ഷിക്കും. ആദായ നികുതി വകുപ്പ് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലും ജില്ലാതിർത്തികളിലും കർശന പരിശോധന ആവശ്യമാണ്. ചെക്ക് പോസ്റ്റുകളിൽ സിസിടിവി നിരീക്ഷണം കൂടുതൽ ശക്തമാക്കും. വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സംസ്ഥാന നോഡൽ ഓഫീസർമാർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു സ്വീകരിക്കുന്ന നടപടികൾ യോഗത്തിൽ വിശദികരിച്ചു.

പരാതിരഹിതമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദ്ദേശിച്ചു. വോട്ടെടുപ്പിൽ മുതിർന്ന പൗരമാർക്ക് പ്രധാന പരിഗണന നൽകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കുട്ടികളെ ഒരു കാരണവശാലും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഉപയോഗിക്കരുത്.ചാനലുകളുടെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങളിൽ നടത്തുന്ന തിരഞ്ഞെടുപ്പ് സംവാദ പരിപാടികൾക്ക് നിർബന്ധമായും മുൻകൂർ അനുമതി വാങ്ങണം. ചില സ്ഥലങ്ങളിൽ സംഘർഷമുണ്ടായ സാഹചര്യത്തിലാണ് ഇത്. ജില്ലകളിലെ സുരക്ഷാ ക്രമീകരണങ്ങൾ, ജില്ലാ തിരഞ്ഞെടുപ്പ് മാനേജ്മെന്റ് പ്ലാനുകൾ, ലോജിസ്റ്റിക്കൽ ആവശ്യകതകൾ, റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ എന്നിവരുടെ എണ്ണം, ഇലക്ഷൻ ഫോട്ടോ ഐഡന്റിറ്റി കാർഡ് (എപിക്) വിതരണം, ഇവിഎം, വിവിപാറ്റ് ക്രമീകരണം, സ്വീപ് പ്രവർത്തനങ്ങൾ, തിരഞ്ഞെടുപ്പ് ചിലവ് വിവരങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

യോഗത്തിൽ വി ആർ പ്രേംകുമാർ, എറണാകുളം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കൂടിയായ ജില്ലാ കളക്ടർമാരായ എൻ.എസ് കെ ഉമേഷ്, അലക്സ് വർഗീസ്, വി വിഘ്നേശ്വരി, കൃഷ്ണ തേജ, ഡോ എസ് ചിത്ര, വി ആർ വിനോദ്, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. ശ്യാം സുന്ദർ, ജില്ലാ പോലീസ് മേധാവിമാർ, വരണാധികാരികൾ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ, സംസ്ഥാന എൻഫോഴ്സ്മെന്റ് ഓഫീസുകളിലെ ജില്ലാ ഓഫീസർമാർ യോഗത്തിൽ പങ്കെടുത്തു.

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം : കളക്ടർ

**കൊല്ലം:** പകർച്ചവ്യാധിപ്രതിരോധം, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടർ എൻ ദേവദാസിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുകളുടെ ഏകോപനയോഗത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി എല്ലാ വകുപ്പുകളുടെയും സഹകരണം ഉണ്ടാകണമെന്ന് നിർദേശിച്ചു. ഡെങ്കിപ്പനി പ്രതിരോധത്തിന് ഡ്രൈ കണ്ടൈനർ എലിമിനേഷൻ ക്യാമ്പയിൻ ജില്ലയിൽ തുടരുകയാണ്. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കി കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ് എന്നും വ്യക്തമാക്കി.

വീടിനുള്ളിൽ അലങ്കാരചെടികൾ വളർത്തുന്ന കുപ്പികളിലുംമറ്റുമുള്ള വെള്ളം, എ സി, ഫ്രിഡ്ജ് എന്നിവയിലെ ട്രേയിലെ വെള്ളം, മീൻപിടുത്തതിന് ശേഷം നിർത്തിയിട്ടിരിക്കുന്ന ബോട്ടുകളിലും വള്ളങ്ങളിലും കെട്ടിക്കിടക്കുന്ന വെള്ളം തുടങ്ങിയ കൊതുകുകളുടെ പ്രജനനസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നശിപ്പിക്കണം. ഹെപ്പറ്റൈറ്റിസ് ബി, സി തടയുന്നതിനായി ബ്യൂട്ടി പാർലറുകൾ, ബാർബർ ഷോപ്പുകൾ, ടാറ്റു ഷോപ്പുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തും

പകർച്ചവ്യാധി പ്രതിരോധം, മഴക്കാല പൂർവ ശുചീകരണം എന്നിവയിൽ ആരോഗ്യ വകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാമസഭകളുടെയും, വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റികളുടെയും സഹകരണം ഉറപ്പാക്കും . മാസ് ക്യാമ്പയിൻ, അതത് പ്രദേശത്തെ ആരോഗ്യസ്ഥാപനങ്ങളുമായി ചേർന്ന് യോഗങ്ങൾ എന്നിവയും നടത്തും . ബോട്ടുകളിൽ ഉറവിടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ സഹകരണം ഉറപ്പാക്കും . മലേറിയ, ഫൈലേറിയ തുടങ്ങിയവയുടെ സ്ക്രീനിങ് അതിഥി തൊഴിലാളികൾക്കിടയിൽ ശക്തമാക്കും. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ പേവിഷബാധ, നിപ തുടങ്ങിയ ജന്തുജന്യ രോഗങ്ങൾ തടയുന്നതിന് പ്രവർത്തനങ്ങൾ നടത്തും. വേനൽക്കാലമായതിനാൽ വയറിളക്കം, ഷിഗെല്ല, ഹെപ്പറ്റൈറ്റിസ് എ തുടങ്ങിയ ജലജന്യ രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യാൻ സാധ്യതയുണ്ട് എന്ന മുന്നറിയിപ്പും നൽകി. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സ്വകാര്യ ആശുപത്രി പ്രതിനിധികൾ, ഐ.എം എ, ഐ എ പി പ്രതിനിധികൾ ആരോഗ്യ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.



# മത്സ്യത്തൊഴിലാളികൾക്ക് പ്രതീക്ഷയായി ഫിഷ്‌ലാൻഡിംഗ് സെൻറർ

**കോഴിക്കോട്:** പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി മുഖദാർ കടപ്പുറത്ത് ഫിഷ് ലാൻഡിംഗ് സെൻറർ നിർമാണം പുരോഗമിക്കുന്നു. വള്ളങ്ങൾ എളുപ്പത്തിൽ കരയിലേക്ക് കയറ്റാനും മത്സ്യബന്ധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്കും ഏറെ ഉപകാരപ്രദമാകുന്ന ചെറുകിട ഹാർബറാണിത്.

കല്ലുമ്മക്കായ് ശേഖരിക്കുന്ന പ്രധാന കേന്ദ്രമായ മുഖദാറിൽ സ്ഥായിയായ കടൽത്തീരം ഒരുക്കാനാണ് പദ്ധതി. മത്സ്യബന്ധന തോണികൾ സുരക്ഷിതമായി കരയ്ക്കടുപ്പിക്കാനും സൗകര്യമൊരുക്കും.

നിലവിലുള്ള ഗ്രോയിൻ ശക്തിപ്പെടുത്തുകയും നീളം കൂട്ടുകയും ചെയ്യും. ലോക്കർ മുറികൾ, കോൺക്രീറ്റ് റോഡ്, തോണികൾ കെട്ടിയിടാനുള്ള ഫ്ലട്ടിംഗ് ജെട്ടി എന്നിവയാണ് മൂന്ന് ഘട്ടമായി ഇവിടെ നിർമിക്കുന്നത്. വല നെയ്യാനുള്ള സൗകര്യവുമൊരുക്കും.

9.55 കോടിയുടെ പദ്ധതിയിൽ 1.68 കോടിയുടെ ആദ്യഘട്ട പ്രവൃത്തിയാണ് ഇപ്പോൾ നടക്കുന്നത്. 40 മീറ്റർ നീളത്തിൽ കടലിൽ കല്ലിടുന്ന പ്രവൃത്തിക്കുമാത്രം 13,800 ടൺ കല്ല് വേണം.ഏകദേശം 500 ലോറി കല്ല് വരുമിത്. നീളം കുറവായതിനാൽ സാധാരണ ഫിഷ്‌ലാൻഡിംഗ് സെൻററുകളിൽനിന്ന് വ്യത്യസ്തമായി 46 മീറ്റർ വീതിയിലാണ് നിർമാണം. മറ്റ് സെൻററുകൾ 16 മീറ്റർ മാത്രമാണ് വീതി. ഈവർഷംതന്നെ ആദ്യഘട്ട നിർമാണം പൂർത്തിയാക്കുന്നതോടെ മത്സ്യത്തൊഴിലാളികളുടെ ഏറെനാളത്തെ കാത്തിരിപ്പിന് അവസാനമാകും.



# ജലക്ഷാമം: വനത്തിനുള്ളിൽ കുളം നിർമാണം

**സീതത്തോട്:** വേനൽചൂടിൽ വെള്ളം തേടി അലയുന്ന വന്യ മൃഗങ്ങൾക്ക് ആശ്വാസമായി കാടുകളിൽ വനം വകുപ്പ് കുളങ്ങൾ ഒരുക്കുന്ന ജോലികൾ അവസാനഘട്ടത്തിൽ. മൃഗങ്ങളുടെ ദാഹം അകറ്റുന്നതിനൊപ്പം വെള്ളത്തിനായി കാടു വിട്ട് നാട്ടിലേക്കുള്ള യാത്ര തടയുകയാണ് കുളങ്ങൾ നിർമിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. കൊടുമുടി, പടയണിപ്പാറ, മൺപിലാവ്, അരീക്കക്കാവ്, കട്ടച്ചിറ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മൂന്ന് കുളങ്ങളും രണ്ട് തടയണകളും ഒരുക്കുന്നത്. തടയണകൾ മുൻപ് ഉണ്ടായിരുന്നവയാണ്. മണ്ണ് മൂടിയ അവസ്ഥയിലായിരുന്നു. മണ്ണ് മാന്തി യന്ത്രത്തിന്റെ സഹായത്തോടെ മണ്ണ് നീക്കം ചെയ്തു ആഴം കൂട്ടി. ഒന്നര മീറ്ററോളം താഴ്ച വരും. കുളത്തിന്റെയും തടയണകളുടേയും ഒരു വശം ചരിച്ച് നിർമിച്ചതിനാൽ മൃഗങ്ങൾക്കു ബുദ്ധിമുട്ട് ഒന്നും ഇല്ലാതെ ഇതിനുള്ളിലേക്കു ഇറങ്ങാനാകും. കൊടുമുടിയിൽ വനം സംരക്ഷണ സമിതി പ്രവർത്തകരുടെ നേതൃത്വത്തിലാണ് പുതിയ കുളം കുഴിച്ചത്. വേനൽ ശക്തമായതിനാൽ ഉൾവനത്തിലെ മിക്ക നീർച്ചാലുകളും വറ്റി വരണ്ട അവസ്ഥയിലാണ്.



# മൂന്നാറിൽ ജക്രാന്ത മരങ്ങൾ പൂവിട്ടു

**മൂന്നാർ:** വയലറ്റ് വസന്തമൊരുക്കി മൂന്നാറിന്റെ തെരുവോരങ്ങളിൽ ജക്രാന്ത മരങ്ങൾ (നീല വാക) പൂവിട്ടു. മൂന്നാറിന്റെ പ്രവേശന കവാടമായ ചിത്തിരപുരം രണ്ടാം മൈൽ മുതൽ മറയൂർ റോഡിലെ തലയാർ വരെയുള്ള ഭാഗത്താണ് പ്രധാന പാതയുടെ ഇരുവശങ്ങളിലും ജക്രാന്ത മരങ്ങൾ പൂവിട്ടു നിൽക്കുന്നത്. ഒന്നേകാൽ നൂറ്റാണ്ട് മുൻപ് മൂന്നാറിൽ തേയിലക്കൃഷിക്കെത്തിയ ബ്രിട്ടീഷുകാരാണ് തേയിലകൾക്കിടയിലും പാതയോരങ്ങളിലും സ്വന്തം നാട്ടിൽ നിന്നെത്തിച്ച ജക്രാന്ത മരങ്ങൾ വച്ചുപിടിപ്പിച്ചത്.

തണലിനും അലങ്കാരത്തിനുമായി വച്ചുപിടിപ്പിച്ച ഇവ സംരക്ഷണമില്ലാത്തതിനാൽ ഭൂരിഭാഗവും നശിച്ചു പോയി. മൂന്നാർ മറയൂർ റോഡിലാണ് നിലവിൽ ഏറ്റവുമധികം മരങ്ങൾ അവശേഷിക്കുന്നത്. ഡിസംബറിൽ ഇലകൾ പൊഴിയുന്ന മരങ്ങളിൽ മാർച്ച് മാസത്തിൽ പൂവിടാൻ തുടങ്ങും. ഏപ്രിൽ അവസാനം വരെ പൂക്കൾ നിലനിൽക്കും. മധ്യവേനലവധി ആഘോഷിക്കാനായി മൂന്നാറിലേക്ക് വരുന്ന സഞ്ചാരികൾക്ക് പാതയോരങ്ങളിൽ പൂത്തു നിൽക്കുന്ന വയലറ്റ് വസന്തത്തിന്റെ കാഴ്ച ഏറെ ഹൃദ്യമാണ്.



# ആകാശപ്പാലത്തിന്റെ നിർമാണം അവസാനഘട്ടത്തിൽ

**ഊട്ടി:** ബോട്ട് ഹൗസിലെ ആകാശപ്പാലത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ. ഇത് കൂടാതെ ഊഞ്ഞാൽ, റോളർ കോസ്റ്റർ, ബംഗീ ജംപിങ് തുടങ്ങിയവയുമാണ് ഇവിടെ നിർമിക്കുന്നത്. 5.50 കോടി രൂപയിലാണു നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നത്. മേയ് മാസം നടക്കുന്ന പുഷ്പമേളയ്ക്കു മുൻപായി ഇതിന്റെ ജോലികൾ പൂർത്തീകരിച്ചു സാഹസപ്രേമികൾക്കായി തുറന്നുകൊടുക്കാനാവുമന്നാണു തമിഴ്നാട് ടൂറിസം ഡവലപ്മെന്റ് കോർപറേഷൻ അധികാരികൾ പറയുന്നത്.

ഇതിനിടയിൽ ഇതിന്റെ നിർമാണത്തിന്നെതിരായും ചില സന്നദ്ധസംഘടനകൾ സ്വരമുയർത്തുന്നുണ്ട്. നീലഗിരിയിലെ മാസ്റ്റർ പ്ലാൻ കാറ്റിൽ പറത്തിയാണ് ഇതിന്റെ നിർമാണങ്ങൾ നടന്നു വരുന്നതെന്നും ചതുപ്പുനിലത്തിലാണു നിർമാണമെന്നുമാണ് ആക്ഷേപം. ഇതിനെതിരെ കോടതിയെ സമീപിക്കാനും നീക്കം നടക്കുന്നുണ്ട്.

# പി.എസ്.സി അഭിമുഖം

**കോട്ടയം:** ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ നഴ്സ് ഗ്രേഡ് (ഹോമിയോ)(കാറ്റഗറി നമ്പർ 721/ 2022) തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം പി.എസ്.സിയുടെ കോട്ടയം ജില്ലാ ഓഫീസിൽ മാർച്ച് 25,26,27 തീയതികളിൽ നടക്കും. ഉദ്യോഗാർഥികൾ അസൽ തിരിച്ചറിയൽ രേഖ, യോഗ്യത, വെയ്റ്റേജ്, കമ്മ്യൂണിറ്റി തെളിയിക്കുന്ന അസൽ രേഖകൾ, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അന്നേ ദിവസം രാവിലെ 7.30 ക്ക് ഹാജരാകണം. പ്രൊഫൈലിൽ ലഭ്യമാക്കിയിരിക്കുന്ന അഡ്മിഷൻ ടിക്കറ്റ്, ബയോഡേറ്റ എന്നിവ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇന്റർവ്യൂ സമയത്ത് നൽകണം.

# പബ്ലിക് റിലേഷൻസ് കാലഘട്ടത്തിന്റെ ആവശ്യം: സുധീർനാഥ്

**കൊച്ചി:** പബ്ലിക് റിലേഷൻസ് മേഖല ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഏതൊരു പ്രസ്ഥാനത്തിനും ഒഴിവാക്കാനാവാത്ത വിഭാഗമായി മാറിയിരിക്കുന്നുവെന്ന് കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർനാഥ് അഭിപ്രായപ്പെട്ടു. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പി.ആർ.സി.ഐ) കേരള ചാപ്റ്ററിന്റെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻകാലങ്ങളിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകളും വലിയ കമ്പനികളും മാത്രം ഉപയോഗപ്പെടുത്തിയിരുന്ന പബ്ലിക് റിലേഷൻസ് വിഭാഗത്തിന്റെ സേവനം ഇന്ന് വ്യക്തികളും, സംഘടനകളും രാഷ്ട്രീയ പാർട്ടികളും വരെ പ്രയോജനപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു. പി.ആർ.സി.ഐ സംസ്ഥാന ചെയർമാൻ റാം മേനോൻ അധ്യക്ഷത വഹിച്ചു. പി.ആർ.സി.ഐ നാഷണൽ ഗവണിംഗ് കൗൺസിൽ സെക്രട്ടറിയും ഡയറക്ടറുമായ ഡോ.ടി.വിനയ് കുമാർ, നാഷണൽ വൈസ് പ്രസിഡന്റ് യു.എസ്.കുട്ടി, തേവര എസ് എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ ബാബു ജോസഫ്, മനോജ് മാനുവൽ, ഐശ്വര്യ പ്രമോദ്, ഷാഹുൽ ഹമീദ്, പി.കെ.നടേഷ്, കെ.വി.ഷാജി, രേഖ ബിറ്റ, സുജിത്ത് നാരായണൻ, നൗഷാദ് നിൽഗിരിസ്, ഷൈൻ സഖറിയ തുടങ്ങിയവർ പ്രസംഗിച്ചു.




**പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പി.ആർ.സി.ഐ) കേരള ചാപ്റ്ററിന്റെ വാർഷിക പൊതുയോഗം കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർനാഥ് ഉദ്ഘാടനം ചെയ്യുന്നു. പി.ആർ.സി.ഐ നാഷണൽ ഗവണിംഗ് കൗൺസിൽ സെക്രട്ടറിയും ഡയറക്ടറുമായ ഡോ.ടി.വിനയ് കുമാർ സമീപം.**

# ചിമ്മിനിക്കു പിന്നാലെ പീച്ചി ഡാമും വറ്റിവരളുന്നു

**തൃശൂർ:** ചിമ്മിനി ഡാമിലെ ജലനിരപ്പ് അപകടകരമായ വിധത്തിൽ കുറയുന്നതിനു പിന്നാലെ പീച്ചി ഡാമിലും ജലനിരപ്പ് താഴുന്നു. ഇന്നലെ രേഖപ്പെടുത്തിയ കണക്കുപ്രകാരം പീച്ചിയിൽ സംഭരണശേഷിയുടെ 19% വെള്ളം മാത്രമേ ശേഷിക്കുന്നുള്ളൂ. മാർച്ച് പാതികടന്നപ്പോൾ തന്നെ ഡാമിലെ ജലനിരപ്പ് കുത്തനെ കുറഞ്ഞതു നഗരത്തിലുൾപ്പെടെ ജില്ലയുടെ മധ്യമേഖലയിലാകെ വരൾച്ചാഭീതി സൃഷ്ടിക്കുന്നുണ്ട്.
നഗരത്തിലേക്കുള്ള കുടിവെള്ള വിതരണവും സമീപ താലൂക്കുകളിലെ ജലസേചന ആവശ്യങ്ങളും നിറവേറ്റുന്നതു പീച്ചിയിലെ വെള്ളമുപയോഗിച്ചാണ്. ചിമ്മിനി ഡാമിലെ ജലസംഭരണം 17% ആയി കുറഞ്ഞതോടെ കോൾമേഖലയിലും കരുവന്നൂർ, കുറുമാലി പുഴകളുടെ തീരമേഖലയിലും വരൾച്ചാഭീതി ഉടലെടുത്തിട്ടുണ്ട്.

22 ദിവസം കൂടി ജലസേചനം നടത്താനുള്ള വെള്ളമേ ചിമ്മിനിയിലുള്ളൂ. പീച്ചിയിൽ 19% ആയി സംഭരണത്തോത് കുറഞ്ഞതോടെ തൃശൂർ, വടക്കാഞ്ചേരി താലൂക്കുകൾ മുതൽ ചാവക്കാട് താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിലേക്കു വരെ കനാൽ വെള്ളം വിതരണം ചെയ്യുന്ന കാര്യത്തിൽ ഏതാനും ആഴ്ചകൾക്കകം പ്രതിസന്ധി ഉടലെടുത്തേക്കും. വാഴാനി ഡാമിന്റെ അവസ്ഥയും വ്യത്യസ്തമല്ല. പരമാവധി 62.48 മീറ്റർ ജലനിരപ്പ് രേഖപ്പെടുത്താൻ ശേഷിയുള്ള ഡാമിലെ ഇന്നലത്തെ ജലനിരപ്പ് 50.16 മീറ്ററാണ്. ആകെ ശേഷിയുടെ 25% മാത്രം വെള്ളം. ഷോളയാറിലും പെരിങ്ങൽക്കുത്തിലും സ്ഥിതി അൽപംകൂടി ഭേദപ്പെട്ട നിലയിലാണ്. പെരിങ്ങൽക്കുത്തിൽ 37% വെള്ളവും ഷോളയാറിൽ 48% വെള്ളവുമാണ് ഇന്നലെ രേഖപ്പെടുത്തിയത്.

# ബ്രഹ്മപുരത്ത് സിബിജി പ്ലാൻറ് നിർമാണം ഈയാഴ്ച

**കൊച്ചി:** മാലിന്യത്തിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കുന്ന ബ്രഹ്മപുരത്തെ സിബിജി പ്ലാൻറ് നിർമാണം ഈ ആഴ്ച ആരംഭിക്കും. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ഔപചാരിക ഉദ്ഘാടനം ഉണ്ടാകില്ല. പഞ്ചാബ് ആസ്ഥാനമായുള്ള സെൻറർ ഫോർ എൻറർപ്രണർഷിപ്പ് ആൻഡ് ഇൻഡസ്ട്രീസ് ഡെവലപ്മെൻറ് (സിഇഐഡി) എന്ന സ്ഥാപനത്തിനാണ് കരാർ.

പദ്ധതി നിർവഹണത്തിനായുള്ള 10 ഏക്കർ ഭൂമി പദ്ധതി നടപ്പാക്കുന്ന ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന് (ബിപിസിഎൽ) കൊച്ചി കോർപറേഷൻ കഴിഞ്ഞ ദിവസം കൈമാറിയിരുന്നു. പദ്ധതിക്ക് ഏറ്റവും അനുയോജ്യമെന്ന് ബിപിസിഎൽ തന്നെ കണ്ടെത്തിയ ഭൂമിയാണ് കൈമാറിയത്. സ്ഥലം നിരപ്പാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്.

കരാർ പ്രകാരം പ്ലാൻറിൻറെ കാലാവധി കണക്കാക്കുന്ന 25 വർഷക്കാലം ഭൂമിയുടെ നടത്തിപ്പും സംരക്ഷണവും ബിപിസിഎല്ലിൽ നിക്ഷിപ്തമാകും. പിന്നീടിത് 10 വർഷം വരെ നീട്ടാം. 110 കോടിയാണ് എസ്റ്റിമേറ്റ് തുക. പ്ലാൻറ് നിർമാണം ഉൾപ്പടെ ആദ്യഘട്ടത്തിനായി 81 കോടി ചെലവ് വരും. വർഷം തോറും 10 കോടി വരെ പ്രവർത്തന ചെലവായും കണക്കാക്കുന്നുണ്ട്. 150 ടൺ ഖരമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളതാണ് പ്ലാൻറ്. 150 ടൺ മലിന്യം സംസ്കരിക്കുന്നതിലൂടെ ആറു ടൺ വരെ സിബിജിയും 25 ടൺ ജൈവവളവും ഉത്പാദിപ്പിക്കാനാകും. ഇത് വില്പന നടത്തുന്നതിലൂടെ വർഷം 14 കോടിയാണ് ബിപിസിഎൽ ലക്ഷ്യം വയ്ക്കുന്നത്.

സംസ്കരണഘട്ടത്തിൽ അവശേഷിക്കുന്ന 100 ടൺ മലിനജലം വളമാക്കി വിൽക്കാനാകുമോയെന്നും ബിപിസിഎൽ നോക്കുന്നുണ്ട്. സാധിച്ചില്ലെങ്കിൽ 100 ടൺ ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് വെള്ളം ശുദ്ധീകരിച്ച് പ്ലാന്റിലെ പ്രതിദിനാവശ്യത്തിന് ഉപയോഗിക്കുകയോ കടമ്പ്രയാറിലേക്ക് ഒഴുക്കിവിടുകയോ ചെയ്യും. 10,000 ലിറ്റർ വെള്ളമാണ് ദൈനംദിന പ്രവർത്തനത്തിയായി ആവശ്യമുള്ളത്.



തരംതിരിക്കലിലൂടെ സംസ്കരണത്തിന് ഉപയോഗിക്കാനാകാത്ത മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറും. ഇതിനുള്ള പണം ബിപിസിഎൽ നൽകും. ക്ലീൻ കേരള ഒഴിവാക്കുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ കോർപറേഷൻ സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി നൽകണം. സംസ്കരണത്തിനായി നൽകുന്ന മാലിന്യത്തിന് ടിപ്പിംഗ് ഫീസായി പണം നൽകുന്ന വ്യവസ്ഥ കരാറിൽ ഒഴിവാക്കിയിട്ടുണ്ട് എന്നത് കോർപറേഷന് വലിയ നേട്ടമാണ്. നേരത്തെ, മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി ഏറ്റെടുത്ത കരാർ കമ്പനിക്ക് ലോഡിന് 3550 രൂപ വീതം നൽകണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ടിപ്പിംഗ് ഫീസ് ഒഴിവാക്കിയതിലൂടെ വർഷം 20 കോടി രൂപ ഈ ഇനത്തിൽ കോർപറേഷന് ലഭമുണ്ടാകും.

പ്ലാൻറിൻറെ പ്രവർത്തനത്തിന് ആവശ്യമുള്ള 1.5 മെഗാവാട്ട് എത്തിക്കുന്നതിന് കെഎസ്ഇബിയുമായി ധാരണയായിട്ടുണ്ട്. ഇതിൻറെ ചെലവും ബിപിസിഎൽ വഹിക്കും. കാർഷിക താരിഫിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന നിബന്ധനയാണ് ബിപിസിഎൽ മുന്നോട്ട് വയ്ക്കുന്നത്. അടുത്ത വർഷം മാർച്ചിൽ പ്ലാൻറ് പ്രവർത്തന സജ്ജമാക്കുകയാണ് ലക്ഷ്യം.

# ചൂട് കനക്കുന്നു! ആരോഗ്യത്തിൽ വേണം ജാഗ്രത; സൂക്ഷിക്കണം ഈ രോഗങ്ങളെ



**ഡോ. മുരളി ഗോപാൽ,**
സീനിയർ കൺസൾട്ടന്റ്
ഇന്റർണൽ മെഡിസിൻ,
ആസ്റ്റർ മിംസ് കണ്ണൂർ

എല്ലാ വർഷവും ഫെബ്രുവരി മാസം കഴിയുന്നതോടെ കേരളത്തിലെല്ലായിടത്തും പലതരം രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാകാറുണ്ട്. ഡെങ്കിപ്പനി, എലിപ്പനി, ചെള്ളുപനി തുടങ്ങിയ രോഗങ്ങൾ പടർന്നുതുടങ്ങുന്നത് വേനൽക്കാലം അവസാനിക്കുന്ന ഏപ്രിൽമെയ് മാസങ്ങളിലാണ് എന്നും കാണാം. മഴക്കാലം എത്തുന്നതോടു കൂടി അവയുടെ വ്യാപനം ഉയരുകയും ചെയ്യാം. പക്ഷെ ഇവയുടെയെല്ലാം തുടക്കം വേനൽ മൂർദ്ധന്യത്തിൽ എത്തുമ്പോഴാണെന്ന് കാണാം. ഇവയ്ക്ക് പുറമെ വേനലുമായി ബന്ധപ്പെട്ട പല രോഗങ്ങളും ഉണ്ടാകാറുമുണ്ട്. അമിതമായി വിയർക്കുന്നത് മൂലമുണ്ടാകുന്ന ഫംഗസ് ബാധ, ചൊറിച്ചിൽ, സൂര്യാഘാതം, ചിക്കൻപോക്സ്, ചെങ്കണ്ണ്, നിർജലീകരണം, ചുമ, തളർച്ച എന്നിവ വേറെയും. അടക്കാനാകാത്ത ദാഹം മൂലം വഴിയരികുകളിൽ കിട്ടുന്ന വൃത്തിഹീനമായ വെള്ളം കുടിക്കുന്നത് കോളറ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം പോലെയുള്ള രോഗങ്ങൾക്കും കാരണമാകാറുണ്ട്. റംസാൻ നോമ്പ് അനുഷ്ഠിക്കുന്നവർ നോമ്പിന് മുൻപും ശേഷവും ആവശ്യത്തിന് വെള്ളം കുടിക്കാൻ വിട്ടുപോയാൽ, അതിന്റേതായ ബുദ്ധിമുട്ടുകളും നേരിടേണ്ടി വരും. മൂത്രത്തിൽ കല്ല്, പഴുപ്പ് എന്നിവയും വെല്ലുവിളികളാണ്.

**എങ്ങനെ പ്രതിരോധിക്കാം**

വേനൽക്കാലത്തും അന്തരീക്ഷം വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. വീടുകൾക്ക് ചുറ്റും കൊതുകുകൾക്കും എലികൾക്കും വളരാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കരുത്. രോഗപ്രതിരോധശക്തി കുറഞ്ഞവർ ഇക്കാലത്ത് പ്രത്യേകം കരുതലെടുക്കണം. അമിതരക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, ശ്വാസംമുട്ട്, വൃക്കരോഗം തുടങ്ങിയ രോഗാവസ്ഥകൾ ഉള്ളവർ എന്തെങ്കിലും അവശതകൾ കണ്ടാൽ ഡോക്ടറുടെ നിർദേശപ്രകാരമേ മരുന്നുകൾ കഴിക്കാവൂ. സ്വയം ചികിത്സ അരുത്.

ഉച്ചസമയത്ത് നേരിട്ട് വെയിൽ കൊള്ളുന്നത് പരമാവധി ഒഴിവാക്കണം. പ്രത്യേകിച്ച് രാവിലെ 11 നും ഉച്ചക്ക് 3 നുമിടയ്ക്കുള്ള സമയം. ദാഹമില്ലെങ്കിലും ആവശ്യത്തിന് വെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ചെറിയ അളവിൽ വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കുന്നതാണ് നല്ലത്. ചർമരോഗങ്ങൾ ഒഴിവാക്കാൻ മോയ്സചറൈസറുകളും സൺസ്ക്രീനും ഉപയോഗിക്കാം. നേരിട്ട് വെയിൽ കൊള്ളുന്നവരും ദീർഘനേരം ഇരുചക്രവാഹനമോടിക്കുന്നവരും മുഖത്തും കൈകളിലും സൺസ്ക്രീൻ ഉപയോഗിക്കണം. എസ്പിഎഫ് 30 ഉള്ള സൺസ്ക്രീൻ വാങ്ങാൻ ശ്രദ്ധിക്കുക. വേനൽക്കാലത്ത് വെള്ളയോ ഇളംനിറത്തിലോ ഉള്ള അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുന്നതാണ് നല്ലത്. തൊപ്പിയും കുടയും സൺഗ്ലാസുകളും എപ്പോഴും കൈയിൽ കരുതാം.

വ്യായാമം ശീലമാക്കിയവർ ഉച്ചസമയത്തെ വ്യായാമം ഒഴിവാക്കണം. അതിരാവിലെയോ വൈകിട്ടോ വ്യായാമത്തിനുവേണ്ടി സമയം കണ്ടെത്തുന്നതാണ് ഉചിതം. വ്യായാമത്തിനിടെ ധാരാളം വിയർക്കുന്നതിനാൽ ഇടയ്ക്കിടയ്ക്ക് അല്പാല്പമായി വെള്ളം കുടിയ്ക്കാൻ ശ്രദ്ധിക്കണം. അതോടൊപ്പം തന്നെ ആവശ്യത്തിന് ഉറക്കവും വിശ്രമവും ആവശ്യമുള്ള സമയം കൂടിയാണ് വേനൽ എന്നോർക്കണം.

കൈകൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. ചെങ്കണ്ണ് പോലെയുള്ള രോഗങ്ങളെ ഒഴിവാക്കാൻ പുറത്തിറങ്ങുമ്പോൾ കണ്ണിൽ തൊടുന്നത് ഒഴിവാക്കണം. തുറസായ സ്ഥലങ്ങളിൽ നിന്ന് ജ്യൂസും പലഹാരങ്ങളും വാങ്ങിക്കഴിക്കുമ്പോൾ ശുചിത്വം ഉറപ്പാക്കണം. ചൂടുകാലത്ത് അല്പം ഈർപ്പം കിട്ടുന്നിടത്തെല്ലാം ബാക്ടീരിയ പെരുകാൻ സാധ്യതയുണ്ട്. ഭക്ഷ്യവിഷബാധ ഉണ്ടാകാതെയിരിക്കാൻ പുറത്തുനിന്നുള്ള ഭക്ഷണവും ആവശ്യത്തിന് മാത്രമാക്കാം.

**എത്ര വെള്ളം കുടിക്കണം?**

50,60 കിലോഗ്രാം ശരീരഭാരമുള്ള ഒരു സാധാരണ മനുഷ്യൻ ഏറ്റവും കുറഞ്ഞത് രണ്ടര ലിറ്റർ വെള്ളമെങ്കിലും ഒരു ദിവസം കുടിച്ചിരിക്കണം. എന്നാൽ വേനൽക്കാലത്ത് പുറത്തിറങ്ങി ജോലി ചെയ്യുന്നവർക്കും അമിതമായി വിയർക്കുന്നവർക്കും വേണ്ടിവരുന്ന വെള്ളത്തിന്റെ അളവ് സ്വാഭാവികമായും കൂടും. ഭക്ഷണത്തിൽ നിന്ന് മാത്രം കിട്ടുന്ന വെള്ളത്തെ ആശ്രയിച്ചാൽ മതിയാകില്ല. ധാരാളമായി ജോലി ചെയ്യുന്നവർക്ക് 3 മുതൽ 4 ലിറ്റർ വരെ വെള്ളം വേണ്ടിവരും. മൂത്രം ഇളം മഞ്ഞനിറത്തിൽ പോകുന്നത് ആവശ്യത്തിന് ജലാംശം ശരീരത്തിലുണ്ടെന്നതിന്റെ സൂചനയാണ്. മൂത്രം കടുംമഞ്ഞനിറത്തിലാണെങ്കിൽ കൂടുതൽ വെള്ളം കുടിക്കണം. എപ്പോഴും തെളിഞ്ഞ നിറത്തിൽ മൂത്രം പോകുന്നത് വരെ വെള്ളം കുടിക്കേണ്ട ആവശ്യമില്ല. അത് ശരീരത്തിൽ ആവശ്യത്തിലധികം വെള്ളമുണ്ടെന്നാണ് കാണിക്കുന്നത്.



പാക്കറ്റിൽ വരുന്ന സോഫ്റ്റ് ഡ്രിങ്കുകളേക്കാൾ നല്ലത് ശുദ്ധമായ വെള്ളം തന്നെയാണ്. സോഫ്റ്റ് ഡ്രിങ്കുകളിലും ജ്യൂസുകളിലും അമിതമായ മധുരവും കലോറിയും അടങ്ങിയിട്ടുണ്ടാവും. കരിക്കിൻ വെള്ളവും വീട്ടിലുണ്ടാക്കുന്ന ഉപ്പിട്ട നാരങ്ങാവെള്ളവും മോരും കഞ്ഞിവെള്ളവും നല്ലതാണ്. വിയർപ്പിലൂടെ നഷ്ടമാകുന്ന ലവണങ്ങൾ വീണ്ടെടുക്കാൻ ഇവ സഹായിക്കും. സ്കൂളിൽ നിന്നും കുട്ടികൾ മടങ്ങിവരുമ്പോൾ ഇവ നൽകാം. അലർജി, ചുമ, ശ്വാസംമുട്ട്, തൊണ്ടവേദന എന്നിവയുള്ളവർ തണുത്ത പാനീയങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്. ചായയും കോഫിയും മദ്യവും കുടിക്കുന്നത് കുറയ്ക്കാം. ഇവ അമിതമായാൽ നിർജലീകരണമുണ്ടാക്കാൻ സാധ്യതയുണ്ട്. പഴങ്ങളും പച്ചക്കറികളും ജ്യൂസ് ആയി കഴിക്കാതെ നേരിട്ട് കഴിക്കാം. ജലാംശം കൂടുതൽ അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച്, മാമ്പഴം, വെള്ളരിക്ക, കാരറ്റ്, എന്നിവ നല്ലതാണ്. യൂറിക് ആസിഡ് സംബന്ധമായ പ്രശ്നമുള്ളവർ മാംസാഹാരത്തിൽ മിതത്വം പാലിക്കണം.

**സൂര്യാഘാതമേറ്റാൽ**

ഏറെ നേരം തുടർച്ചയായി ശരീരത്തിൽ നേരിട്ട് ശക്തിയായി വെയിലേൽക്കുമ്പോഴാണ് സൂര്യാഘാതമുണ്ടാകുന്നത്. 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ചൂട് ഉയരുമ്പോഴാണ് സൂര്യാഘാതസാധ്യതയുള്ളത്. വേനലിന്റെ തുടക്കത്തിൽ തന്നെ കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി കേരളത്തിലെ പല ജില്ലകളിലും താപനില 3839 ഡിഗ്രി സെൽഷ്യസ് വരെ എത്തിക്കഴിഞ്ഞു എന്ന വസ്തുത ആശങ്കയുണ്ടാക്കുന്നതാണ്. സൂര്യാഘാതം കാരണം ബോധം നഷ്ടമായാൽ ഉടനെ ചികിത്സ തേടിയില്ലെങ്കിൽ മരണം വരെ സംഭവിച്ചേക്കാമെന്ന് പലർക്കും അറിയില്ല.

കുട്ടികളിലും മുതിർന്നവരിലുമാണ് സൂര്യാഘാതമുണ്ടാകാൻ സാധ്യത കൂടുതൽ. തലവേദന, തലകറക്കം, ബലഹീനത, ഛർദി, മസിലുപിടുത്തം എന്നിവയൊക്കെ ആയിരിക്കും ആദ്യത്തെ ലക്ഷണങ്ങൾ. അല്പം കൂടി കഴിഞ്ഞായിരിക്കും സൂര്യാഘാതമേറ്റതാണെന്ന് നമുക്ക് മനസ്സിലാകുന്നത്. നിർഭാഗ്യഘട്ടങ്ങളിൽ ചിലപ്പോൾ പെട്ടെന്ന് തളർന്നുവീണെന്നും വരാം. വളരെ ഗുരുതരമായ ഒരു അവസ്ഥയാണിത്. വെയിലേറ്റ ഭാഗത്തെ ചർമം ചുവക്കുന്നതും തടിക്കുന്നതും അവിടെ ചൊറിച്ചിൽ അനുഭവപ്പെടുന്നതുമെല്ലാം സൂര്യാഘാതത്തിന്റെ ലക്ഷണമാണ്. ചിലരിൽ പൊള്ളലേറ്റത് പോലെ കുമിളകളും പ്രത്യക്ഷപ്പെടാം.

സൂര്യാഘാതമേറ്റ് ആരെങ്കിലും വീഴുന്നത് കണ്ടാൽ ഉടനെ അയാളെ തണലുള്ള ഭാഗത്തേക്ക് മാറ്റിയിരുത്തുക. ദേഹത്ത് മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കാണുകയോ തൊടുമ്പോൾ പനിയെക്കാൾ കൂടുതൽ ചൂട് തോന്നുകയോ ചെയ്താൽ സൂര്യാഘാതം ഉറപ്പിക്കാം. അവരുടെ വസ്ത്രങ്ങൾ അയച്ചിടുക. മുഖത്തും കൈകാലുകളിലും അല്പം വെള്ളം കുടയുകയോ സ്പ്രേ ചെയ്യുകയോ ചെയ്യാം. വീശറിയോ മറ്റെന്തെങ്കിലുമോ ഉപയോഗിച്ച് വീശിക്കൊടുക്കാം. ഫാൻ ഉണ്ടെങ്കിൽ അതിന് സമീപമെത്തിക്കാം. അബോധാവസ്ഥയിലാണെങ്കിൽ ഒരിക്കലും വെള്ളം കുടിപ്പിക്കരുത്. വെള്ളം ശ്വാസകോശത്തിൽ കടന്ന് മരണം സംഭവിക്കാൻ ഇടയുണ്ട്. ബോധമുണ്ടെങ്കിൽ മാത്രം രോഗിയെ എണീപ്പിച്ച് ഇരുത്തിയ ശേഷം തല അല്പം ഉയർത്തി വെള്ളം നൽകാം. കരിക്കിൻവെള്ളമാണ് ഏറ്റവും ഫലപ്രദം. ശരീരം തണുപ്പിക്കാൻ ഐസ് കട്ടകൾ തുണിയിൽ പൊതിഞ്ഞ് കക്ഷങ്ങളിലും തുടയിടുക്കുകളിലും വെയ്ക്കാം. ശരീരമാകെ തടവാം.രോഗിക്ക് പൾസില്ലെന്ന് കണ്ടാൽ ഉടൻ സിപിആർ നൽകണം.

ഇക്കാലത്ത് പുറത്ത് കഴിയുന്ന വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും വരെ സൂര്യാഘാതം ഉണ്ടാകാൻ സാധ്യതയുണ്ട്. അവയ്ക്ക് ആവശ്യത്തിന് വെള്ളവും തണലും കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കണം. കാർ വെയിലത്ത് പാർക്ക് ചെയ്തശേഷം കുട്ടികളെയും വളർത്തുമൃഗങ്ങളെയും അകത്താക്കി രക്ഷിതാക്കൾ പുറത്ത് പോകുന്ന പ്രവണത ദോഷകരമാണ്. വാഹനം പരമാവധി തണലിൽ പാർക്ക് ചെയ്യാൻ ശ്രമിക്കുക. ചൂടുള്ള വെയിലിൽ കിടക്കുന്ന കാറിൽ ഇരിക്കരുത്.



# മണ്ണിഷ്ടികയിലേക്ക് വീണ്ടും മടങ്ങി കെട്ടിട നിർമാണം

**വടക്കഞ്ചേരി:** ഓരോ വർഷവും വേനലിൽ ചൂട് അസഹ്യമാംവിധം ഉയർന്നതോടെ വീട് ഉൾപ്പെടെയുള്ള കെട്ടിട നിർമാണത്തിന് സിമന്റ് കല്ല് ഒഴിവാക്കി പഴയ മണ്ണിഷ്ടികയിലേക്ക് തന്നെ മാറുന്ന സ്ഥിതി വ്യാപകമാവുകയാണ്.

ചെലവ് കൂടിയാലും ചൂട് കുറവും കെട്ടിടത്തിന് ഉറപ്പും ദീർഘകാലം നിലനിൽക്കും എന്നതുമാണ് ഇഷ്ടികയ്ക്ക് ആവശ്യക്കാർ വർധിക്കാൻ കാരണമാകുന്നത്. ഏഴ് രൂപയാണ് ഒരു ഇഷ്ടികയുടെ വില. യന്ത്രത്തിൽ മണ്ണ് അരച്ച് ഉണ്ടാക്കുന്ന കമ്പനി ഇഷ്ടികയാണ് ഇപ്പോൾ കൂടുതലായുള്ളത്. കൈകൊണ്ടു നിർമിച്ചിരുന്ന ഇഷ്ടിക കൾ ഇപ്പോൾ അപൂർവമായി.

മൂന്നു ലക്ഷം വരെ ഇഷ്ടിക ഉൾക്കൊള്ളുന്ന വലിയ ചൂളകളുണ്ട്. മലപ്പുറത്ത് വെട്ടുകല്ലിലും തൃശൂർ, പാലക്കാട് ജില്ലയിൽ മണ്ണിഷ്ടിക കൊണ്ടുമാണ് കെട്ടിട നിർമാണം നടക്കുന്നതെന്ന് ഈ രംഗത്തുള്ളവർ പറയുന്നു.മണ്ണിഷ്ടിക കൊണ്ട് കെട്ടിടം പണിയുമ്പോൾ സിമൻറും മണലും കൂടുതൽ വേണം. സിമൻറ് കല്ലാകുമ്പോൾ ഈ ചെലവുകൾ കുറയും.പഴയകാല വീടുകളെല്ലാം മണ്ണിലോ മണ്ണിഷ്ടികയിലോ ആണ് നിർമിച്ചിരുന്നത്. അതിനാൽ അത്തരം വീടുകളിൽ വേനലിലും ചൂടുണ്ടാകില്ല. നിലത്ത് വിരിച്ചിരുന്നതും മണ്ണു കൊണ്ടുള്ള വിരി ഇഷ്ടികയായിരുന്നു.ഇതെല്ലാം പഴഞ്ചൻ എന്നുപറഞ്ഞ് പുതിയ നിർമാണ രീതികളിലേക്ക് മാറിയപ്പോഴാണ് വേനലിൽ ചൂട് സഹിക്കാനാകാത്ത സ്ഥിതിയായത്.മണ്ണ് എടുക്കാനുള്ള നിരോധനവും വയലിൽ ചൂളകൾ നിയന്ത്രിച്ചതും മണ്ണ് കിട്ടാനില്ലാതാക്കി. ഇത് മണ്ണിഷ്ടികയുടെ വിലയും കൂട്ടി.ഇതിനിടെയാണ് സിമൻറും മെറ്റലും ചേർത്തുള്ള സിമൻറ് കല്ല് നിർമാണ യൂണിറ്റുകൾ കൂണു പോലെ നിറഞ്ഞത്.



# അടിക്കാടുകൾക്കു തീപിടിക്കുന്നു; വിശ്രമമില്ലാതെ അഗ്നിരക്ഷാസേന

**റാന്നി:** ചൂട് കൂടിയതോടെ അഗ്നി രക്ഷാസേനയ്ക്കു വിശ്രമമില്ല. അടിക്കാടുകൾക്ക് തീ പിടിക്കുന്നത് അണയ്ക്കാനുള്ള നെട്ടോട്ടത്തിലാണവർ. ദിവസം ആറും ഏഴും സ്ഥലങ്ങളിൽ വരെ തീ പടരുന്നുണ്ട്. റബർ തോട്ടങ്ങൾ, തരിശായി കിടക്കുന്ന പ്രദേശങ്ങൾ, പാറക്കൂട്ടങ്ങൾ എന്നിവിടങ്ങളിലാണ് തീ പടരുന്നത്. പച്ചപ്പടർപ്പുകൾ പോലും വേഗം കത്തിയമരുന്നതിനാൽ വീടുകൾക്കും മറ്റു നിർമിതികൾക്കും തീ ഭീഷണിയാണ്. ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെ അടിച്ചിപ്പുഴ ഭാഗത്ത് തീ പടർന്നിരുന്നു. അതു നിയന്ത്രണ വിധേയമാക്കാൻ റാന്നിയിൽ നിന്നുള്ള അഗ്നി രക്ഷാസേന പോയ സമയത്താണ് വെച്ചൂച്ചിറ കുന്നം വിശ്വബ്രാഹ്മണ കോളജിനു സമീപം ഉഴുന്നേലിമലയിൽ തീ പടർന്നത്.

പിന്നീട് പത്തനംതിട്ട നിന്നെത്തിയ അഗ്നി രക്ഷാ യൂണിറ്റും നാട്ടുകാരും ചേർന്നാണ് തീ അണച്ചത്. മന്ദമരുതി വെച്ചൂച്ചിറ റോഡിൽ കുന്നത്തിനും വെച്ചൂച്ചിറയ്ക്കും മധ്യേ മാലിന്യം തള്ളുന്നുണ്ട്. ഇത്തരത്തിൽ തള്ളിയ മാലിന്യത്തിനു സാമൂഹിക വിരുദ്ധർ തീയിട്ടപ്പോഴാണ് പടർന്നതെന്നു കരുതുന്നു. വിശ്വബ്രാഹ്മണ കോളജിനു ചുറ്റും മലയോളം ഉയരത്തിൽ പുല്ല് ഉണങ്ങി നിൽക്കുകയാണ്. ഇതിനു തീ വീണാൽ മണിക്കൂറുകൾ ശ്രമപ്പെട്ടാലും അണയ്ക്കാനാകില്ല.



# മുനമ്പം അഴീക്കോട് പാലം അടുത്തവർഷം; 16 തൂണുകളുടെ പൈലിങ് പൂർത്തിയായി

**വൈപ്പിൻ:** മുനമ്പം അഴീക്കോട് പാലം അടുത്തവർഷം ഗതാഗത സജ്ജമായേക്കും. പൈലിങ് ജോലികളാണ് ഇപ്പോൾ നടക്കുന്നത്. 16 തൂണുകളുടെ പൈലിങ് പൂർത്തിയായി. അടുത്ത ഘട്ടത്തിൽ മുനമ്പം ഭാഗത്ത് കരയിലെ പൈലിങ് ആരംഭിക്കും. ഇതിനായി മുനമ്പത്തെ ബസ് സ്റ്റാൻഡ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ മുൻ നിശ്ചയപ്രകാരം തന്നെ ജോലികൾ മുന്നോട്ടു നീക്കാൻ കഴി!ഞ്ഞിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു..പാലം യാഥാർഥ്യമാവുന്നതോടെ വൈപ്പിനിൽ നിന്ന് വടക്കൻ ജില്ലകളിലേക്ക് കൂടുതൽ സുഗമമായ പാത തുറന്നു കിട്ടും. മത്സ്യബന്ധന മേഖലയ്ക്കും ടൂറിസം മേഖലയ്ക്കുമെല്ലാം പാലത്തിന്റെ പ്രയോജനം ലഭിക്കും.

അതേസമയം പാലം തുറക്കുന്നതോടെ ഉണ്ടാകാനിടയുള്ള ഗതാഗത വർധന ഉൾക്കൊള്ളാൻ നിലവിലുള്ള സംസ്ഥാനപാതയ്ക്ക് കഴിയില്ലെന്നുള്ള കാര്യവും ഉറപ്പായിട്ടുണ്ട്.

കൊച്ചി നഗരത്തിൽ നിന്നും തെക്കൻ ജില്ലകളിൽ നിന്നും ഉള്ളവർ വടക്കോട്ടും വടക്കു ഭാഗത്തുള്ളവർ തെക്കോട്ടും ഈ പാത ഉപയോഗിച്ചു തുടങ്ങിയാൽ രൂക്ഷമായ ഗതാഗതക്കുരുക്കായിരിക്കും ഫലം. കൂടാതെ പള്ളിപ്പുറം മേഖലയിൽ കലുങ്ക് രൂപത്തിലുള്ള 2 പാലങ്ങളും വാഹനങ്ങൾക്ക് കുപ്പിക്കഴുത്തായി മാറും. ബലക്ഷയവും നേരിടുന്ന ഇവ അടിയന്തരമായി പുനർ നിർമിക്കേണ്ടതുണ്ട്. ഇതിനൊപ്പം ബദൽ റോഡും സജ്ജമാക്കിയാൽ മാത്രമേ പാലത്തിന്റെ പ്രയോജനം നാട്ടുകാർക്കും പുറമേ നിന്നുള്ളവർക്കും ലഭിക്കുകയുള്ളുവെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

